compose.kerala.gov.in
egazette.kerala.gov.in
printing.kerala.gov.in

Regn.No. KERBIL/2012/45073
dated 2012-09-05 with RNI
Reg No.KL/TV(N)/634/2021-2023

കേരള സർക്കാർ
GOVERNMENT OF KERALA

കേരള ഗസറ്റ്
KERALA GAZETTE

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

ചൊവ്വ, 2025 സെപ്റ്റംബർ 02
Tuesday, 02nd September 2025

1201 ചിങ്ങം 17
17th Chingam 1201

1947 ഭാദ്രം 11
11th Bhadra 1947

വാല്യം 14
Vol. XIV

നമ്പർ **35**
No.

Part III

Agriculture Development and Farmers Welfare

©
കേരള സർക്കാർ
GOVERNMENT OF KERALA
2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ സി. ഡി. 184/2025-26. 2025 ആഗസ്റ്റ് 20.

കാസറഗോഡ് ജില്ലയിലെ ആദൂർ, ഗാളിമുഖ കാഷ്യൂ പ്രോജനി ഓർച്ചാർഡുകളിൽ നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് ആവശ്യമായ 150 മെ. ടൺ പച്ചചാണകം വിതരണം ചെയ്യുന്നതിന് മുദ്രവച്ച ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

അടങ്കൽ തുക—₹ 4,88,000.

നിരതദ്രവ്യം—₹ 9,760 (എസ്. ബി. ഐ. കാസറഗോഡിൽ മാറാവുന്ന ഡി. ഡി.)

ദർഘാസ് ഫോറത്തിന്റെ വില—₹ 976 + GST (12%)= ₹ 1,095.

ദർഘാസ് ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—12-9-2025, 3 മണി.

ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—15-9-2025, 12 മണി.

ദർഘാസ് തുറക്കുന്ന തീയതിയും സമയവും—15-9-2025, 3 മണി.

സ്ഥലം—കശുമാവ് വികസന ഓഫീസ്, കാസറഗോഡ്,
കാഷ്യൂ പ്രോജനി ഓർച്ചാർഡ്, കുണ്ടാർ പി. ഒ.

നിബന്ധനകൾ

1. ഉന്നത ഗുണമേന്മ ഉള്ളതും കലർപ്പില്ലാത്തതുമായ സാധനങ്ങൾ കൃത്യമായ അളവിൽ എത്തിച്ചുതരേണ്ടതാണ്.
2. ദർഘാസ് ഫോറത്തോടൊപ്പം ₹ 200-ന്റെ മുദ്രപത്രത്തിൽ പ്രാഥമിക സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.
3. അംഗീകരിക്കപ്പെട്ട കരാറുകാരൻ നിരതദ്രവ്യം ഉൾപ്പെടെ 5% തുക സെക്യൂരിറ്റി ഡെപ്പോസിറ്റ് അടയ്ക്കേണ്ടതാണ്.
4. ദർഘാസ് അംഗീകരിച്ച് 10 ദിവസത്തിനകം സാധനങ്ങൾ ഈ ഓഫീസിൽ സ്വന്തം ഉത്തരവാദിത്വത്തിൽ എത്തിച്ചുതരേണ്ടതാണ്.
5. ഏതെങ്കിലും കാരണത്താൽ ദർഘാസ് അവധിദിനമായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ദർഘാസ് നടത്തുന്നതാണ്.
6. ദർഘാസിൽ രേഖപ്പെടുത്തുന്ന വില നിരക്ക് 2026 മാർച്ച് 31 വരെ ബാധകമായിരിക്കും.
7. ദർഘാസ് അംഗീകരിച്ചുകഴിഞ്ഞാൽ കരാറുകാരൻ അന്തിമമായി ₹ 200-ന്റെ മുദ്രപത്രത്തിൽ മറ്റൊരു സമ്മതപത്രം സമർപ്പിക്കേണ്ടതാണ്.
8. ദർഘാസ് കാരണമറിയിക്കാതെ റദ്ദാക്കുവാനോ മാറ്റിവെക്കുന്നതിനോ ഉള്ള അധികാരം താഴെ ഒപ്പിട്ടയാളിൽ നിക്ഷിപ്തമാണ്.
9. സർക്കാർ ടെണ്ടറുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിന് ബാധകമാണ്.

കൂടുതൽ വിവരങ്ങൾ കാഷ്യൂ ഡെവലപ്പ്മെന്റ് ഓഫീസിൽ നിന്ന് ലഭിക്കുന്നതാണ്.

കശുമാവ് വികസന ആഫീസറുടെ കാര്യാലയം, (ഒപ്പ്)
കാസറഗോഡ്. കശുമാവ് വികസന ഓഫീസർ.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ദർഘാസ് പരസ്യം

നമ്പർ ബി. 881/2025. 2025 ആഗസ്റ്റ് 21.

അഞ്ചൽ ജില്ലാ ഫാമിലെ 2025-26 വർഷത്തിൽ 30 ഏക്കർ ഭാഗത്ത് കൃഷി ചെയ്തിട്ടുള്ള ഏകദേശം 6500 ചുവട് മരച്ചീനി വിളവെടുക്കുന്നതിലേക്കായി മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിക്കുന്നു.

അടങ്കൽ തുക—₹ 5,00,000.

നിരതദ്രവ്യം—₹ 12,500.

ടെണ്ടർ ഫോറത്തിന്റെ വില—₹ 1,000+ജി.എസ്.ടി.

ടെണ്ടർ ഫോറം ലഭിക്കുന്ന അവസാന തീയതിയും സമയവും—22-9-2025, രാവിലെ 11 മണി വരെ.

ടെണ്ടർ ഫോറം സ്വീകരിക്കുന്ന അവസാന തീയതിയും സമയവും—22-9-2025, രാവിലെ 11.30 മണി വരെ.

ടെണ്ടർ ഫോറം തുറക്കുന്ന തീയതിയും സമയവും—22-9-2025, ഉച്ചയ്ക്ക് 12 മണി.

നിബന്ധനകൾ

1. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മരച്ചീനി വിളവെടുപ്പിന് ഒരു ചുവടിന് നൽകാവുന്ന ഏറ്റവും കൂടിയ നിരക്ക് രേഖപ്പെടുത്തി, സീൽ ചെയ്ത ടെണ്ടറുകൾ നിശ്ചിത നിരതദ്രവ്യത്തോടൊപ്പം നിശ്ചയിക്കപ്പെട്ട സമയത്തിന് മുമ്പായി സൂപ്രണ്ട്, ജില്ലാ കൃഷി ഫാം, അഞ്ചൽ എന്ന വിലാസത്തിൽ ഫാം ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിനു മുകളിൽ മരച്ചീനി വിളവെടുപ്പിനായുള്ള ടെണ്ടർ എന്ന് രേഖപ്പെടുത്തിയിരിക്കണം.

2. ദർഘാസ് ഫോറത്തിൽ തന്നിരിക്കുന്ന കരാർ ₹ 200-ന്റെ മുദ്രപത്രത്തിൽ തയ്യാറാക്കി ദർഘാസിനോടൊപ്പം സമർപ്പിക്കണം.

3. ടെണ്ടർ തുകകൾ അക്കത്തിലും അക്ഷരത്തിലും വ്യക്തമായി രേഖപ്പെടുത്തേണ്ടതും, ടെണ്ടർ നൽകുന്ന വ്യക്തിയുടെ വിലാസം, പിൻകോഡ്, ഫോൺ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്.

4. ടെണ്ടറിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

5. ദർഘാസുകൾ കൃത്യസമയത്തുതന്നെ അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതും ടെണ്ടറിൽ ഏറ്റവും കൂടിയ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി/സ്ഥാപനത്തിന്റെ പേരിൽ ടെണ്ടർ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും മറ്റുള്ളവരുടെ നിരതദ്രവ്യം അപ്പോൾ തന്നെ മടക്കി നൽകുന്നതുമാണ്.

6. ടെണ്ടർ നടപടികൾ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ അന്തിമ അംഗീകാരത്തിന് വിധേയമായിരിക്കും.

7. ലേലം/ടെണ്ടർ താൽക്കാലികമായി സ്ഥിരപ്പെടുത്തിയാലുടൻ മൊത്തം തുകയുടെ 1/3 (നിരതദ്രവ്യം ഒഴികെ) ഓഫീസിൽ അടയ്ക്കേണ്ടതും ബാക്കി തുക ടെണ്ടറിന് ജില്ലാ പഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചതായി അറിയിപ്പ് കിട്ടി മൂന്ന് ദിവസത്തിനകം ഫാം ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അടച്ച തുക സർക്കാരിലേയ്ക്ക് മുതൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൂട്ടുന്നതും പുനർ ലേലം നടത്തുന്നതുമായിരിക്കും.

8. ലേലം പിടിച്ചയാൾ മുഴുവൻ തുകയും ഫാം ഓഫീസിൽ അടച്ചതിനുശേഷം മാത്രമേ മരച്ചീനി കൊണ്ടു പോകുവാൻ അനുവദിക്കുകയുള്ളു.

9. ആദ്യ ലേലക്കാരന്റെ വീഴ്ചകൊണ്ട് പുനർ ലേലം നടത്തേണ്ടി വന്നാൽ സർക്കാരിനുള്ള നഷ്ടം റവന്യൂ റിക്കവറി നിയമപ്രകാരം ആദ്യ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. ലാഭമാണ് ഉണ്ടാകുന്നതെങ്കിൽ ആദ്യ ലേലക്കാരന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

10. ലേലം/ടെണ്ടർ നടപടികൾ കാരണം കാണിക്കാതെ നിരസിക്കുന്നതിനോ, മാറ്റിവയ്ക്കുന്നതിനോ ഉള്ള അധികാരം ഫാം സൂപ്രണ്ടിൽ നിക്ഷിപ്തമായിരിക്കും.

11. നിശ്ചിത ദിവസം ഏതെങ്കിലും കാരണത്താൽ അവധിയായി പ്രഖ്യാപിക്കുന്നപക്ഷം, തൊട്ടടുത്ത പ്രവൃത്തി ദിവസം അതേ സമയത്തുതന്നെ ടെണ്ടർ നടപടികൾ നടത്തുന്നതാണ്.

12. എല്ലാ സർക്കാർ ലേലം/ടെണ്ടറുകൾക്കുമുള്ള നിബന്ധനകൾ ഇതിനും ബാധകമായിരിക്കും.

13. ഇതേപ്പറ്റിയുള്ള കൂടുതൽ വിവരങ്ങൾ എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഫാം ആഫീസിൽ നിന്ന് നേരിട്ടോ, ഫോണിലൂടെയോ അറിയാവുന്നതാണ്.

ജില്ലാ കൃഷിഫാം സൂപ്രണ്ടിന്റെ കാര്യാലയം, (ഒപ്പ്)
അഞ്ചൽ, കോട്ടുക്കൽ പി. ഒ. സൂപ്രണ്ട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.09.02 02:50:23 +05:30